LIBRARY ARCHIVES Kerala Legislative Assembly

കെ.എസ്.ഇ.ബി.-ക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക

12 (379) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി. ഉത്പാദനം, വിതരണം, പ്രസരണം എന്നീ മേഖലകൾക്കായി കഴിഞ്ഞ 5 വർഷങ്ങളിൽ ബഡ്ജറ്റിൽ നീക്കി വച്ച തുക എത്രയായിരുന്നു എന്ന് വർഷം തിരിച്ച് വ്യക്തമാക്കുമോ ; ഇതിൽ എത്ര രൂപയാണ് ഓരോ വർഷവും ചെലവഴിച്ചത് ;

(ബി) തുക പൂർണ്ണമായും ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(സി) 2006-2010 കാലഘട്ടത്തിൽ പ്രസ്തുത മേഖലകൾക്കായി ബഡ്ജറ്റിൽ നീക്കിവച്ച തുകയെത്രയായിരുന്നു ; എത്ര രൂപയാണ് ഓരോ വർഷവും ചെലവഴിച്ചത് ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) 2006-07 മുതൽ 2010-11 വരെയുള്ള കാലയളവിൽ പ്രസ്തുത മേഖലകൾക്കായി സർക്കാർ ബഡ്ജറ്റിൽ നീക്കി വച്ച തുകയുടെയും ചെലവഴിച്ച തുകയുടെയും വിവരം അനുബന്ധമായി ചേർക്കുന്നു. *

കെ.എസ്.ഇ.ബി. സ്വന്തം ഫണ്ടിൽ നിന്നും വായ്പാ മുഖാന്തരവും ഉൽപ്പാദനം, പ്രസരണം, വിതരണം എന്നീ മേഖലകൾക്കായി ടി കാലയളവിൽ ബഡ്ജറ്റിൽ വകയിരുത്തിയതും ചെലവഴിച്ചതുമായ തുകയുടെ വിവരം അനുബന്ധമായി ചേർക്കുന്നു.

കെ.എസ്.ഇ.ബി. ജീവനക്കാരുടെ നിയമനം

13 (380) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി. കമ്പനി ആയി രജിസ്റ്റർ ചെയ്ത ശേഷം ജീവനക്കാരുടെ നേരിട്ടുള്ള നിയമനം പി.എസ്.സി.-ക്ക് വിടുന്നതിലേക്ക് ഈ സർക്കാർ നാളിതുവരെ എന്തെല്ലാം നടപടി സ്വീകരിച്ചു ;

(ബി) ജീവനക്കാരുടെ നേരിട്ടുള്ള നിയമനം എന്നു മുതലാണ് പി.എസ്.സി.-ക്ക് വിട്ടുകൊടുത്തത് ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) നേരിട്ട് നിയമനം നടത്തുന്നതിന് കമ്പനിയിൽ ഇപ്പോൾ എത്ര ഒഴിവുകൾ നിലവിലുണ്ട് ;

(ഡി) ഈ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാതെ അനധികൃതമായി നിയമനം നൽകിക്കൊണ്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എന്ത നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ?

ഉത്തരം

(എ) കെ.എസ്.ഇ.ബി.എൽ.-ലെ ജീവനക്കാരുടെ നേരിട്ടുള്ള നിയമനം കേരളാ പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയാക്കി സർക്കാർ 14-8-2014-ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) 1967 മുതൽ കെ.എസ്.ഇ.ബി. ജീവനക്കാരുടെ നേരിട്ടുള്ള നിയമനം കെ.പി.എസ്.സി. വഴിയാണ് നടത്തുന്നത്. കമ്പനി ആയി രജിസ്റ്റർ ചെയ്ത ശേഷവും നേരിട്ടുള്ള നിയമനങ്ങൾ കെ.പി.എസ്.സി. വഴി നടത്തിവരുന്നു.

(സി) 1391 ഒഴിവുകൾ.

(ഡി) കെ.എസ്.ഇ.ബി. ലിമിറ്റഡിൽ അനധികൃത നിയമനം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

കെ.എസ്.ഇ.ബി.

14 (381) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കെ.എസ്.ഇ.ബി. ഇപ്പോൾ ലാഭത്തിലാണോ പ്രവർത്തിച്ചുവരുന്നത് എന്ന് വ്യക്തമാക്കാമോ ; ബോർഡിന് നിലവിലുള്ള കടബാധ്യതകൾ വെളിപ്പെടുത്താമോ ?

ഉത്തരം

ലാഭത്തിലല്ല. 2014-15 സാമ്പത്തിക വർഷത്തെ ബോർഡിൽ സമർപ്പിച്ച താൽക്കാലിക കണക്കുപ്രകാരം കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ നഷ്ടം 1272.90 കോടി രൂപയാണ്. കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ നിലവിലുള്ള (23-11-2015-ലെ) കടബാദ്ധ്യതകൾ ചുവടെ ചേർക്കുന്നു:

ഓവർ ഡ്രാഫ്റ്റ്	-	1635.70 കോടി രൂപ
ഹ്രസ്വകാലവായ്പ	-	2500.00 കോടി രൂപ
മദ്ധ്യകാല വായ്പ	-	313.89 കോടി രൂപ
ദീർഘകാലവായ്പ	-	1455.52 കോടി രൂപ
ആകെ	-	5905.11 കോടി രൂപ

LIBRARY ARCHIVES Kerala Legislative Assembly